# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *76 — 7.2.2013-ലെ മറുപടിക്ക്

## ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മനോഹരമായി പായ്ക്ക് ചെയ്ത് സംസ്ഥാനത്തുടനീളം വിപണനം ചെയ്യുന്ന ബദാം മിക്സ്, പിസ്താ പൗഡർ, ഐസ്ക്രീം പൗഡർ, ചോക്ലേറ്റ് പൗഡർ, ഗ്ലൂക്കോസ് പൗഡർ, ജൂസ് പൗഡർ എന്നീ പേരുകളിലറിയപ്പെടുന്ന വസ്തുക്കളുടെ ഗുണനിലവാരമോ, അവയിലടങ്ങിയിട്ടുള്ള വസ്തുക്കളെയോ സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം വെളിപ്പെടുത്തുമോ; | എ) ബദാം മിക്സ്, ഗ്ലൂക്കോസ്, പിസ്താ പൗഡർ, ഐസ്ക്രീം പൗഡർ എന്നീ പേരുകളിൽ ആരോഗ്യത്തിനു ഹാനികരമായ വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഇവയുടെ ഉറവിടമോ ഉല്പാദന കേന്ദ്രങ്ങളോ പരിശോധിച്ച് സുരക്ഷാ സംവിധാനങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ടോ ; | ബി) ഫുഡ് സേഫ്റ്റി ഓഫീസർമാർ ഇവയുടെ വിൽപ്പന കേന്ദ്രങ്ങളിലും ഉൽപ്പാദന കേന്ദ്രങ്ങളിലും പരിശോധന നടത്തി സുരക്ഷിതമായ സംവിധാനങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് എതിരെ നിയമ നടപടി സ്വീകരിക്കുന്നുണ്ട്. |
| സി) ഇവയിൽ ഹാനികരമായ രാസവസ്തുക്കൾ, അജിനാമോട്ടോ, നിരോധിത നിറങ്ങൾ, എന്നിവ ചേർത്തിട്ടുണ്ടോ എന്ന കാര്യം ആരും പരിശോധിക്കാറില്ലെന്നും അതു സംബന്ധിച്ച കേസുകളൊന്നും രജിസ്റ്റർ ചെയ്യാറില്ലെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ഹാനികരമായ രാസവസ്തുക്കൾ, നിരോധിത നിറങ്ങൾ, എന്നിവ ഭക്ഷ്യ വസ്തുക്കളിൽ ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ചുള്ള സ്പെഷ്യൽ കോടതികൾ അടക്കം മുഴുവൻ സംവിധാനങ്ങളും സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എഫ്.എ അനുസരിച്ച് ചാർജ്ജ് ചെയ്തിട്ടുള്ള എല്ലാ കേസുകളും തുടരുന്നുണ്ട്.<br><br>കൂടാതെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള കേസ്സുകളും കോടതികളിൽ ചാർജ്ജ് ചെയ്തിട്ടുണ്ട് |
| ഡി) കുട്ടികളിൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം ഭക്ഷ്യവസ്തുക്കൾ വിപണനം നടത്തുന്നതിനെതിരെ കർശന നടപടിക്ക് നിർദ്ദേശം നൽകുമോ ? | ഡി) കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ